**No. CEE/4848/2013/KEAM-2014/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## 2014-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2014-ലെ എം.ബി.ബി.എസ്./ബി.ഡി.എസ് കോഴ്സുകൾ ഒഴികെയുള്ള മറ്റ് മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. **BAMS, BSMS, BHMS, Bsc(Hons.), Agriculture, Bsc(Hons.) Forestry, BVSc & AH, BFSc** എന്നീ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് മാത്രമാണ് പ്രസ്തുത ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. ഈ ഘട്ടത്തിൽ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികളെ മാത്രമേ ഈ അലോട്ട്മെന്റിനായി പരിഗണിച്ചിട്ടുള്ളൂ.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട ട്യൂഷൻ ഫീസ് എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2014 ഒക്ടോബർ 13** മുതൽ **15** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2014 ഒക്ടോബർ 13** മുതൽ **15** വരെയുള്ള തീയതികളിൽ **SBT** ബ്രാഞ്ചിൽ അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും നിശ്ചിത തീയതികളിൽ ഫീസ്/ അധിക തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെരഞ്ഞെടുത്ത ശാഖകളിൽ അടച്ച ശേഷം **2014 ഒക്ടോബർ 15**-ാം തീയതി **വൈകുന്നേരം 5 മണി**യ്ക്കു മുൻപായി അതത് കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ അധിക തുക ഒടുക്കാത്തതോ, കോളേജുകളിൽ പ്രവേശനം നേടാത്തതോ ആയ വിദ്യാർത്ഥികളുടെ അലോട്ട്മെന്റും നിലവിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

| | |
|---|---|
| **ഫീസ് അടയ്ക്കേണ്ട തീയതികൾ** | **2014 ഒക്ടോബർ 13** മുതൽ **15** വരെ |
| **കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ട തീയതികൾ** | **2014 ഒക്ടോബർ 13** മുതൽ **15** വരെ |

**പ്രത്യേക ശ്രദ്ധയ്ക്ക്:- പ്രസ്തുത അലോട്ട്മെന്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും, സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലും പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4/ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകാൻ ബാധ്യത ഉണ്ടായിരിക്കുന്നതാണ്.**

കൂടുതൽ വിവരങ്ങൾക്ക് 0471 2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**

10.10.2014